# പൂർവ്വജന്റെയും പൂജ്യസ്വരൂപത്തിന്റെയും സ്വമാനത്തിലിരുന്നുകൊണ്ട് വിശ്വത്തിലെ ഓരോ ആത്മാവിനെയും പാലിക്കൂ, ആശീർവ്വാദങ്ങൾ നേടൂ ആശീർവ്വാദങ്ങൾ നൽകൂ.

ഇന്ന് നാനാവശത്തുമുള്ള സർവ്വശ്രേഷ്ഠരായ കുട്ടികളെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ കുട്ടികളും പൂർവ്വജരുമാണ്, പൂജ്യരുമാണ്. അതിനാൽ താങ്കൾ ഈ കല്പവൃക്ഷത്തിലെ വേരിലുമുണ്ട്, തായ്തടിയിലുമുണ്ട്. തായ്തടിയുടെ സംബന്ധം മുഴുവൻ വൃക്ഷത്തിലെ ശാഖോപശാഖകളിലേക്കും ഇലകൾക്കും സ്വതവെയുണ്ട്. അപ്പോൾ എല്ലാവരും സ്വയത്തെ ശ്രേഷ്ഠാത്മാവ്, മുഴുവൻ വൃക്ഷത്തിലെയും പൂർവ്വജരെന്ന് മനസ്സിലാക്കുന്നുണ്ടോ? എങ്ങനെയാണോ ബ്രഹ്മാവിനെ മുതുമുത്തശ്ശനെന്ന് പറയുന്നത്, അതുപോലെ താങ്കൾ കുട്ടികളും അവരുടെ കൂട്ടുകാർ മാസ്റ്റർ മുതുമുത്തശ്ശന്മാരല്ലേ. പൂർവ്വജാത്മാക്കളെന്ന സ്വമാനത്തിന്റെ ലഹരിയിൽ സ്ഥിതി ചെയ്യുന്നുണ്ടോ? മുഴുവൻ വിശ്വത്തിലെ ആത്മാക്കളുടെയും, സർവ്വ ധർമ്മാത്മാക്കളുടെയും, തായ്ത്തടിയുടെ രൂപത്തിൽ താങ്കൾ ആധാരമൂർത്തികളായ പൂർവ്വജന്മാരാണ്. പൂർവ്വജരായതിനാൽ പൂജ്യരുമാണ്. പൂർവ്വജരിലൂടെ ഓരോ ആത്മാക്കൾക്കും സ്വതവേ സകാശ് ലഭിച്ചുകൊണ്ടിരിക്കുന്നു. വൃക്ഷത്തെ നോക്കൂ, തായ്തടിയിലൂടെ, വേരിലൂടെ അവസാന ഇല വരെയും സകാശ് ലഭിച്ചുകൊണ്ടിരിക്കുന്നു. പൂർവ്വജരുടെ കർത്തവ്യമെന്താണ്? പൂർവ്വജരുടെ കർത്തവ്യമാണ് സർവ്വരെയും പാലിക്കുക എന്നുള്ളത്. ലൗകികത്തിലാണെങ്കിലും നോക്കൂ, പൂർവ്വജരിലൂടെയാണ് ശാരീരിക ശക്തിയുടെ പാലന, അത് സ്ഥൂലമായ ഭോജനത്തിന്റെ രൂപത്തിലാണെങ്കിലും, പഠിപ്പിലൂടെയാണെങ്കിലും ശക്തി നിറയ്ക്കാനുള്ള പാലന ചെയ്യുന്നു. അപ്പോൾ താങ്കൾ പൂർവ്വജാത്മാക്കൾക്കും ബാബയിലൂടെ ലഭിച്ചിട്ടുള്ള ശക്തികളാൽ സർവ്വാത്മാക്കളെയും പാലിക്കണം.

ഇന്നത്തെ സമയമനുസരിച്ച് സർവ്വ ആത്മാക്കൾക്കും ശക്തികളിലൂടെയുള്ള പാലനയുടെ ആവശ്യമാണ്. അറിയാമല്ലോ ഇന്നത്തെക്കാലത്ത് ആത്മാക്കളിൽ അശാന്തിയുടെയും ദുഖത്തിന്റെയും അലകളാണ് നിഴലിക്കുന്നത്. അപ്പോൾ താങ്കൾ പൂർവ്വജരും പൂജ്യരുമായ ആത്മാക്കൾക്ക് തന്റെ വംശാവലിയുടെമേൽ ദയ തോന്നുന്നില്ലേ? ഏതെങ്കിലും വിശേഷ അശാന്തിയുടെ വായുമണ്ഡലമുണ്ടാകുമ്പോൾ മിലിട്ടറിയിലുള്ളവരും പോലീസും അലർട്ടാവുന്നതു പോലെ(ജാഗരൂകർ), ഇന്നത്തെ ഈ വാതാവരണത്തിൽ താങ്കൾ പൂർവ്വജരും വിശേഷിച്ചും ഈ സേവനത്തിനു നിമിത്തമാണെന്നു മനസ്സിലാക്കുന്നുണ്ടോ? മുഴുവൻ വിശ്വത്തിലെ ആത്മാക്കളുടെയും നിമിത്തമായവരാണ് എന്ന സ്മൃതിയുണ്ടോ? വിശ്വത്തിലെ മുഴുവൻ ആത്മാക്കൾക്കും ഇന്ന് താങ്കളുടെ സകാശിന്റെ ആവശ്യകതയുണ്ട്. ഇതുപോലെ പരിധിയില്ലാത്ത വിശ്വത്തിലെ പൂർവ്വജാത്മാവാണെന്ന് സ്വയത്തെ അനുഭവം ചെയ്യുന്നുണ്ടോ? ഇതുപോലെ പരിധിയില്ലാത്ത ഈ വിശ്വത്തിലെ പൂർവ്വജാത്മാവാണെന്ന് സ്വയം അനുഭവം ചെയ്യുന്നുണ്ടോ? വിശ്വ സേവനമാണോ ഓർമ്മ വരുന്നത് അതോ തന്റെ സെന്ററുകളിലെ സേവനമാണോ ഓർമ്മ വരുന്നത്? ഇന്ന് താങ്കൾ പൂർവ്വികരായ ദേവാത്മാക്കളെയാണ് എല്ലാവരും വിളിച്ചുകൊണ്ടിരിക്കുന്നത്. ഓരോരുത്തരും അവരവരുടെതായ ഇഷ്ടദേവിദേവന്മാരെയാണ് വിളിച്ചുകൊണ്ടിരിക്കുന്നത് – വരൂ, ക്ഷമ കാണിക്കൂ, കൃപ കാണിക്കൂ.. ഭക്തരുടെ ശബ്ദം കേൾക്കാൻ സാധിക്കുന്നുണ്ടോ? കേൾക്കാൻ കഴിയുന്നുണ്ടോ ഇല്ലയോ? ഏതു ധർമ്മത്തിലുള്ള ആത്മാക്കളെ കാണുകയാണെങ്കിലും അവരുടെ പൂർവ്വികനാണെന്ന് മനസ്സിലാക്കിയാണോ കാണുന്നത്? ഇതും നമ്മൾ പൂർവ്വികരുടെ ശാഖോപശാഖകളാണെന്നാണോ മനസ്സിലാക്കുന്നത്? ഇവർക്കും സകാശ് നൽകുന്നത് താങ്കൾ പൂർവ്വജരാണ്. തന്റെ കല്പവൃക്ഷത്തിന്റെ ചിത്രത്തെ മുന്നിൽ കാണൂ. സ്വയത്തെ നോക്കൂ തന്റെ സ്ഥാനം എവിടെയാണെന്ന് നോക്കൂ? വേരിലും താങ്കളുണ്ട്, തായ്ത്തടിയിലും താങ്കളുണ്ട്. അതിനോടൊപ്പം പരംധാമത്തിലും നോക്കൂ, താങ്കൾ പൂർവ്വികരുടെ സ്ഥാനം ബാബയ്ക്ക് സമീപത്താണ്. അറിയാമല്ലോ! ഈയൊരു ലഹരിയോടെ ഏതൊരാത്മാവിനെയും കാണുകയാണെങ്കിൽ ഓരോ ധർമ്മത്തിലെയും ആത്മാക്കൾ തന്റേതാണെന്ന ദൃഷ്ടിയോടെ കാണാൻ സാധിക്കുന്നു. ഞാൻ പൂർവ്വികനാണെന്നുള്ള ലഹരിയോടെ, സ്മൃതിയോടെ, വൃത്തിയോടെ ദൃഷ്ടിയോടെ മിലനം ചെയ്യുകയാണെങ്കിൽ, അവർക്കും തന്റേതാണെന്ന അനുഭൂതിയുണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ താങ്കൾ എല്ലാവരുടെയും പൂർവ്വികനാണ്, സർവ്വരുടെയുമാണ്. ഈയൊരു സ്മൃതിയോടെ സേവനം ചെയ്യുകയാണെങ്കിൽ എല്ലാവർക്കും ഈയൊരു അനുഭൂതിയുണ്ടാകും, നമ്മുടെ ഇഷ്ടദേവൻ അഥവാ പൂർവ്വികൻ നമ്മെ കാണാൻ വന്നിരിക്കുന്നു. പൂജയും നോക്കൂ, എത്ര വലിയ പൂജയാണ് ലഭിക്കുന്നത്. ഏതൊരു ധർമ്മാത്മാവിനോ മഹാത്മാവിനോ താങ്കൾ ദേവിദേവതകൾക്കു സമാനം വിധിപൂർവ്വമുള്ള പൂജ ലഭിക്കുകയില്ല. അവർക്കും പൂജ ലഭിക്കുന്നുണ്ട്,

എന്നാൽ താങ്കളെപ്പോലെ വിധി പൂർവ്വമായ പൂജ ലഭിക്കുന്നില്ല. മഹിമ പാടുന്നതും എത്ര വിധി പ്രകാരമാണ് കീർത്തനങ്ങൾ പാടുന്നത്, ആരതി ഉഴിയുന്നത്. ഇങ്ങനെയുള്ള പൂജ്യ അവസ്ഥ താങ്കൾ പൂർവ്വജർക്കു മാത്രമാണ് ലഭിക്കുന്നത്. സ്വയത്തെ അങ്ങനെയുള്ള പൂജ്യരാണെന്ന് മനസ്സിലാക്കുന്നുണ്ടോ? അത്ര ലഹരിയുണ്ടോ? ഉണ്ടോ ലഹരി? ആരാണോ ഇങ്ങനെ മനസ്സിലാക്കുന്നത്, ഞങ്ങൾ പൂർവ്വജാത്മാക്കൾക്ക് ഈ ലഹരിയുണ്ട്, ആ സ്മൃതിയുണ്ട് എന്നുള്ളവർ കൈയുയർത്തൂ. ഉണ്ടാ സ്മൃതി? ശരി. ലഹരിയുള്ളവർ കൈകൾ ഉയർത്തി. വളരെ നല്ലത്. ഇനി രണ്ടാമത്തെ ചോദ്യമാണ് സദാ ഉണ്ടോ?
ബാപ്ദാദ എല്ലാ കുട്ടികളെയും സർവ്വ പ്രാപ്തികളിലും അവിനാശിയായി കാണാനാണ് ആഗ്രഹിക്കുന്നത്. ഇടയ്ക്കിടെയല്ല, എന്തുകൊണ്ട്? കുട്ടികൾ ഉത്തരം നൽകുന്നത് വളരെ ചതുരതയോടെയാണ്, എന്താണ് പറയുന്നത്? സർവ്വ പ്രാപ്തികളുമുണ്ട്.. നല്ല രീതിയിലുണ്ട്. പിന്നീട് വളരെ പതുക്കെ പറയുന്നു, ഇടയ്ക്ക് എന്തൊക്കെയോ സംഭവിക്കുന്നു... നോക്കൂ, ബാബയും അവിനാശിയാണ്, താങ്കൾ ആത്മാക്കളും അവിനാശി, പ്രാപ്തികളും അവിനാശിയാണ്. അവിനാശിയിലൂടെ അവിനാശി ജ്ഞാനമാണ് ലഭിച്ചിരിക്കുന്നത്. അപ്പോൾ ധാരണയും എങ്ങനെയായിരിക്കണം? അവിനാശി ആയിരിക്കണമോ അതോ ഇടയ്ക്കിടെ മതിയോ?
ബാപ്ദാദ ഇപ്പോൾ സമയത്തിന്റെ പരിതസ്ഥിതിയ്ക്കനുസരിച്ച് കുട്ടികൾ പരിധിയില്ലാത്ത സേവനത്തിൽ ബിസിയായി കാണാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ സേവനത്തിൽ ബിസിയായതിനാൽ അനേക പ്രകാരത്തിലുള്ള ചഞ്ചലതകളിൽ നിന്നും രക്ഷപ്പെടുന്നു. എപ്പോഴെല്ലാം സേവനം ചെയ്യുന്നുവോ പ്ലാനുകൾ ഉണ്ടാക്കുന്നുവോ പ്ലാനനുസരിച്ച് പ്രത്യക്ഷത്തിലേക്ക് കൊണ്ടുവരുമ്പോൾ സഫലതയും പ്രാപ്തമാക്കുന്നു. എന്നാൽ ബാപ്ദാദ ആഗ്രഹിക്കുന്നു, ഒരേ സമയത്ത് മൂന്ന് സേവനവും ഒരുമിച്ച് നടക്കണം. കേവലം വാചാ സേവനം മാത്രമല്ല മനസ്സാ സേവനവും വേണം. വാചാ സേവനത്തോടൊപ്പം കർമ്മണാ അർത്ഥം സംബന്ധ സമ്പർക്കത്തിലേക്ക് വന്നുകൊണ്ടും സേവനം നടക്കണം. സേവനത്തിന്റെ ഭാവം അഥവാ ഭാവനയുണ്ടായിരിക്കണം. ഈ സമയം നോക്കുമ്പോൾ വാചാ സേവനത്തിന്റെ ശതമാനമാണ് കൂടുതൽ കാണപ്പെടുന്നത്. മനസാ സേവനം ചെയ്യുന്നുണ്ട് എന്നാൽ വാചാ സേവനമാണ് കൂടുതൽ. ഒരേ സമയത്തു തന്നെ മൂന്നു സേവനവും ഒരുമിച്ച് ഉണ്ടാകുന്നതിലൂടെ സേവനത്തിൽ ധാരാളം സഫലതയുണ്ടാകുന്നു. ബാപ്ദാദ വാർത്തകൾ കേട്ടു, ഈ ഗ്രൂപ്പിലും ഭിന്ന-ഭിന്ന വിഭാഗത്തിലുള്ളവർ വന്നിട്ടുണ്ട്. സേവനത്തിന്റെ നല്ല-നല്ല പദ്ധതികൾ ഉണ്ടാക്കിയിട്ടുണ്ട്. നല്ല രീതിയിലാണ് എല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്, എന്നാൽ മൂന്നു സേവനവും ഒരുമിക്കുന്നതിലൂടെ സേവനത്തിന്റെ ഗതി തീവ്രമാകുകയും അഭിവൃദ്ധി ഉണ്ടാവുകയും ചെയ്യുന്നു. നാനാവശത്തെയും കുട്ടികൾ എത്തിച്ചേർന്നിട്ടുണ്ട്. ഇത് കണ്ട് ബാപ്ദാദയും സന്തോഷിക്കുന്നു. പുതിയ കുട്ടികൾ ഉണർവ്വോടെ ഉത്സാഹത്തോടെ എത്തിച്ചേർന്നിരിക്കുന്നു.
ഇപ്പോൾ ബാപ്ദാദ എല്ലാ കുട്ടികളെയും സദാ നിർവ്വിഘ്ന സ്വരൂപത്തിൽ കാണാനാണ് ആഗ്രഹിക്കുന്നത്. എന്തുകൊണ്ട്? എപ്പോഴാണോ താങ്കൾ നിമിത്തമായവർ നിർവിഘ്ന സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നത്, അപ്പോൾ മാത്രമേ വിശ്വത്തിലെ ആത്മാക്കളെയും സർവ്വ സമസ്യകളിൽ നിന്നും നിർവ്വിഘ്നമാക്കാൻ സാധിക്കൂ. അതിനായി വിശേഷിച്ചും രണ്ടു കാര്യങ്ങളിൽ അടിവരയിടണം. ചെയ്യുന്നുണ്ട്, എന്നാൽ ഒന്നു കൂടി അടിവരയിടണം. ഒന്ന് ഓരോ ആത്മാവിനെയും ആത്മദൃഷ്ടിയിൽ കാണൂ. ആത്മാവിന്റെ യഥാർത്ഥ സംസ്കാരത്തിന്റെ സ്വരൂപത്തിൽ കാണണം. എങ്ങനെയുള്ള സ്വഭാവസംസ്കാരത്തിൽപ്പെട്ട ആത്മാവായാലും ഓരോ ആത്മാവിനെ പ്രതിയും ശുഭഭാവന, ശുഭകാമന, പരിവർത്തനത്തിന്റെ ശ്രേഷ്ഠ ഭാവന, അവരുടെ സംസ്കാരത്തെ കുറച്ചു സമയത്തേക്കെങ്കിലും പരിവർത്തനപ്പെടുത്തുവാൻ സഹായിക്കും. ആത്മീയ ഭാവത്തെ പ്രത്യക്ഷമാക്കൂ. എങ്ങനെയാണോ ആരംഭത്തിൽ കൂട്ടായ്മയിൽ വസിച്ചുകൊണ്ടും, ആത്മീയ ദൃഷ്ടി, ആത്മീയ വൃത്തി, ആത്മാ-ആത്മാ മിലനമുണ്ടായത്, നടക്കുന്നുണ്ടെങ്കിലും, സംസാരിക്കുന്നുണ്ടെങ്കിലും ഈ ദൃഷ്ടിയിലൂടെ അടിത്തറ വളരെയധികം പക്കാ ആയത്. ഇപ്പോൾ സേവനത്തിന്റെ വിസ്താരത്തിൽ , സേവനത്തിന്റെ വിസ്താരത്തിലുള്ള സംബന്ധത്തിൽ, ആത്മീയ ഭാവത്തോടെ നടക്കുക, സംസാരിക്കുക, പെരുമാറുക, സമ്പർക്കത്തിലേക്ക് വരിക എന്നത് അപ്രത്യക്ഷമായിരിക്കുന്നു. ആത്മീയ സ്വമാനം ആത്മാവിന് സഹജമായും സഫലത നൽകുന്നു. എന്തുകൊണ്ടെന്നാൽ താങ്കളെല്ലാവരും ആരാണ് ഒത്തുകൂടിയിരിക്കുന്നത്? കല്പം മുമ്പത്തെ അതേ ദേവാത്മാക്കൾ, ബ്രാഹ്മണാത്മാക്കളാണ് ഒത്തുകൂടിയിരിക്കുന്നത്. ബ്രാഹ്മണാത്മാക്കളുടെ രൂപത്തിലും എല്ലാവരും ശ്രേഷ്ഠാത്മാക്കളാണ്, ദേവാത്മാക്കളുടെ കണക്കിലും ശ്രേഷ്ഠാത്മാക്കളാണ്. അതേ സ്വരൂപത്തിലൂടെ സംബന്ധസമ്പർക്കത്തിലേക്ക് വരൂ. ഓരോ സമയവും പരിശാധിക്കൂ - ദേവാത്മാവായ എന്റെ ബ്രാഹ്മണാത്മാവായ എന്റെ ശ്രേഷ്ഠ കർത്തവ്യം അഥവാ സേവനമെന്താണ്? **ആശീർവ്വാദങ്ങൾ നൽകുക ആശീർവ്വാദങ്ങൾ നേടുക.** താങ്കളുടെ ജഡചിത്രങ്ങൾ എന്ത് സേവനമാണ് ചെയ്യുന്നത്? എങ്ങനെയുള്ള ആത്മാക്കളാണെങ്കിലും ആശീർവ്വാദങ്ങൾ എടുക്കാനായി പോകുന്നു, ആസീർവ്വാദങ്ങൾ സ്വീകരിച്ച് വരുന്നു. ആരാണെങ്കിലും അഥവാ പുരുഷാർത്ഥത്തിൽ പ്രയത്നമാണെന്ന് മനസ്സിലാക്കുന്നു എങ്കിൽ ഏറ്റവും സഹജമായ പുരുഷാർത്ഥമാണ്, മുഴുവൻ ദിവസവും ദൃഷ്ടി, വൃത്തി, വാക്ക്, ഭാവന

ഇവയിലൂടെ ആശീർവ്വാദങ്ങൾ എടുക്കൂ, കൊടുക്കൂ. താങ്കളുടെ ടൈറ്റിലാണ്, വരദാനിയും മഹാദാനിയും, സേവനം ചെയ്തുകൊണ്ടും സംബന്ധസമ്പർക്കത്തിലേക്ക് വന്നുകൊണ്ടും, ഈയൊരു കാര്യം മാത്രം ചെയ്യൂ – ആശീർവ്വാദങ്ങൾ എടുക്കൂ, കൊടുക്കൂ. ഇത് ബുദ്ധിമുട്ടാണോ? അതോ സഹജമാണോ? ആരാണോ സഹജമെന്ന് മനസ്സിലാക്കുന്നത്, അവർ കൈകൾ ഉയർത്തൂ. ആരെങ്കിലും താങ്കളെ എതിർക്കുകയാണെങ്കിലോ? അപ്പോൾ ആശീർവ്വാദങ്ങൾ നൽകുമോ? അത്രയും ആശീർവ്വാദങ്ങളുടെ ശേഖരണം താങ്കളുടെ പക്കലുണ്ടോ? എതിർപ്പുകൾ ഉണ്ടാവുക തന്നെ ചെയ്യും, എതിർപ്പുകളിലൂടെ മാത്രമേ പദവി ലഭിക്കൂ. നോക്കൂ, ഏറ്റവും കൂടുതൽ എതിർപ്പുകൾ ബ്രഹ്മാബാബയ്ക്കാണ് ഉണ്ടായത്. ഉണ്ടായില്ലേ? ആരാണ് പദവിയിലും നമ്പർവൺ നേടിയത്? ബ്രഹ്മാവ് തന്നെയല്ലേ. എന്തു തന്നെ സംഭവിച്ചാലും എനിക്ക് ബ്രഹ്മാബാബയ്ക്ക് സമാനം ആശീർവ്വാദങ്ങൾ നൽകണം. എന്താ ബ്രഹ്മാബാബയ്ക്ക് മുന്നിൽ വ്യർത്ഥം പറയുന്നവരും, പ്രവർത്തിക്കുന്നവരും ഉണ്ടായിരുന്നില്ലേ? എന്നാൽ ബ്രഹ്മാബാബ ആശീർവ്വാദങ്ങൾ എടുക്കുകയും കൊടുക്കുകയും ചെയ്തു, ഉൾക്കൊള്ളാനുള്ള ശക്തി സ്വരൂപിച്ചു. കുട്ടിയല്ലേ പരിവർത്തനപ്പെട്ടോളും. അതുപോലെ താങ്കൾ കുട്ടികളും അതേ വൃത്തി, ദൃഷ്ടി വെക്കൂ – ഇവർ കല്പം മുമ്പത്തെ നമ്മുടെ തന്നെ പരിവാരത്തിലുള്ളവരാണ്. ബ്രാഹ്മണപരിവാരത്തിലുള്ളവരാണ്. എനിക്ക് പരിവർത്തനപ്പെട്ട് ഇവരെയും പരിവർത്തനപ്പെടുത്തണം. ഇവർ പരിവർത്തനപ്പെട്ടാൽ ഞാൻ പരിവർത്തനപ്പെടാം എന്നല്ല. എനിക്ക് പരിവർത്തനപ്പെട്ടതിനുശേഷം ഇവരെയും പരിവർത്തനപ്പെടുത്തണം, ഇത് എന്റെ കടമയാണ്. അപ്പോൾ മാത്രമാണ് ആശീർവ്വാദം കൊടുക്കാനാകൂ, ആശീർവ്വാദം ലഭിക്കൂ. ഇപ്പോൾ സമയം വളരെ വേഗതയിൽ പരിവർത്തനത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. , അതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. **എന്നാൽ സമയം പരിവർത്തനപ്പെടുന്നതിനു മുമ്പായി, താങ്കൾ വിശ്വപരിവർത്തക ശ്രേഷ്ഠാത്മാക്കൾ സ്വപരിവർത്തനത്തിലൂടെ സർവ്വരെയും പരിവർത്തനപ്പെടുത്തുന്നതിന്റെ ആധാരമൂർത്തിയായി മാറൂ.** താങ്കൾ വിശ്വത്തിലെ ആധാരമൂർത്തികളും ഉദ്ധാരമൂർത്തികളുമാണ്. ഓരോ ആത്മാവും ഈയൊരു ലക്ഷ്യം വെക്കൂ – എനിക്ക് നിമിത്തമാകണം. കേവലം മൂന്നു കാര്യങ്ങൾ സ്വയത്തിൽ സങ്കല്പത്തിൽ പോലും ഉണ്ടാകരുത്. ഇങ്ങനെയുള്ള പരിവർത്തനം കൊണ്ടുവരൂ. ഒന്ന് പരചിന്തനം, രണ്ട് പരദർശനം. സ്വദർശനം ചെയ്യുന്നതിനു പകരം പരദർശനം ചെയ്യരുത്. മൂന്നാമത്തേത് പരമതം അഥവാ പരസംഗം, കുസംഗം. ശ്രേഷ്ഠ സംഗം വെക്കൂ. സംഗദോഷം വളരെയധികം നഷ്ടം വിതയ്ക്കുന്നു. ആദ്യമേ തന്നെ ബാപ്ദാദ പറഞ്ഞിരുന്നു, ഒന്ന് പരോപകാരിയായി മാറൂ, രണ്ടാമത് ഈ മൂന്നു പരയെയും ഇല്ലാതാക്കൂ. പരചിന്തനം, പരദർശനം, പരമാതം അഥവാ കുസംഗം. പര അർത്ഥം വ്യർത്ഥമായ സംഗമാണ്. പരോപകാരിയായിമാറൂ എന്നാൽ മാത്രമേ ആശീർവ്വാദം നേടുകയും നൽകുകയും ചെയ്യാൻ ആകൂ. ആര് എന്തു തന്നെ നൽകിയാലും നിങ്ങൾ ആശീർവ്വാദങ്ങൾ നൽകൂ. ഇത്രയും ധൈര്യമുണ്ടോ? ഉണ്ടോ ധൈര്യം? അപ്പോൾ ബാപ്ദാദ നാനാഭാഗത്തുമുള്ള സർവ്വ സെന്ററുകളിലുമുള്ള കുട്ടികളോടായി പറയുകയാണ് – അഥവാ താങ്കൾ കുട്ടികൾക്ക് ധൈര്യമുണ്ടെങ്കിൽ, ആര് എന്ത് തന്നെ നൽകിയാലും താങ്കൾ ആശീർവ്വാദം നൽകൂ. ബാപ്ദാദ ഈ വർഷം താങ്കൾക്ക് എക്സ്ട്രാ ധൈര്യത്തിന്റെയും ഉണർവ്വിന്റെയും സഹായം നൽകുന്നു. എക്സ്ട്രാ(അധിക) സഹായം നൽകുന്നു. പക്ഷേ ആശീർവ്വാദങ്ങൾ നൽകുകയാണെങ്കിൽ മാത്രം. ഒരിക്കലും കലർപ്പ് പാടില്ല. ബാപ്ദാദയുടെ പക്കൽ മുഴുവൻ റെക്കോർഡും വരുമല്ലോ. സങ്കല്പത്തിൽ പോലും ആശീർവ്വാദങ്ങളല്ലാതെ മറ്റൊന്നും തന്നെ പാടില്ല. ധൈര്യമുണ്ടോ? ഉണ്ടെങ്കിൽ കൈകൾ ഉയർത്തൂ. ചെയ്യേണ്ടി വരും. കേവലം കൈകൾ ഉയർത്തിയിട്ട് കാര്യമില്ല, ചെയ്യുക തന്നെ വേണം. ചെയ്യുമോ? മധുബനിലുള്ളവർ പറയൂ, ടീച്ചേഴ്സ് പറയൂ. ശരി, അങ്ങനെയെങ്കിൽ അധിക മാർക്ക് ശേഖരിക്കും. ആശംസകൾ. എന്തുകൊണ്ട്? ബാപ്ദാദയുടെ പക്കൽ അഡ്വാൻസ് പാർട്ടിയിലുള്ളവർ ഇടയ്ക്കിടെ വരാറുണ്ട്. അവർ പറയുന്നത്, ഞങ്ങൾക്ക് അഡ്വാൻസ് പാർട്ടിയുടെ പാർട്ട് നൽകിയത് ഞങ്ങൾ അഭിനയിക്കുന്നുണ്ട്. എന്നാൽ ഞങ്ങളുടെ കൂട്ടുകാർ എന്തുകൊണ്ട് തന്റെ സ്ഥിതിയെ അഡ്വാൻസാക്കി മാറ്റുന്നില്ല? ഇതിനുള്ള ഉത്തരം എന്തു നൽകും? എന്തുത്തരം നൽകും? അഡ്വാൻസ് സ്ഥിതിയും അഡ്വാൻസ് പാർട്ടിയുടെ പാർട്ടും ഒരുമിക്കുമ്പോഴേ സമാപ്തിയുണ്ടാകൂ? അവർ ചോദിക്കുമ്പോൾ എന്തുത്തരമാണ് നൽകേണ്ടത്? എത്ര വർഷത്തിലാകാൻ സാധിക്കും? സിൽവർ ജൂബിലി, ഗോൾഡൻ ജൂബിലി, ഡയമണ്ട് ജൂബിലി എല്ലാം ആഘോഷിച്ച് കഴിഞ്ഞു. **ഇപ്പോൾ അഡ്വാൻസ് സ്ഥിതിയുടെ സെറിമണി ആഘോഷിക്കൂ.** അതിനുള്ള തിയ്യതി നിശ്ചയിക്കൂ. പാണ്ഡവർ പറയൂ, അതിനുള്ള തിയ്യതി എപ്പോൾ ഉണ്ടാകും? ആദ്യ വരിയിലിരിക്കുന്നവർ പറയൂ? തിയ്യതി നിശ്ചയിക്കുമോ അതോ പെട്ടെന്ന് ഉണ്ടാകുമോ? എന്തു സംഭവിക്കും? പെട്ടെന്ന് ഉണ്ടാകുമോ അതോ സംഭവിച്ചോളും എന്നാണോ പറയുന്നത്? എന്തെങ്കിലും പറയൂ, ചിന്തിച്ചിരിക്കുകയാണോ? നിർവ്വൈർ നോട് ചോദിക്കുന്നു. സെറിമണി ഉണ്ടാകുമോ അതോ പെട്ടെന്നാവുമോ? താങ്കൾ ദാദിയോട് ചോദിക്കുന്നു. ഇവർ ദാദിയെ നോക്കുന്നു, ദാദി എന്തെങ്കിലും പറയട്ടെ... രമേശ് പറയൂ? (അവസാനം അത് തന്നെയല്ലേ നടക്കേണ്ടത്) അവസാനം എപ്പോൾ? (അങ്ങ് തിയ്യതി പറയൂ ആ തിയ്യതിയ്ക്കുള്ളിൽ ചെയ്യാം) ശരി, ബാപ്ദാദ ഒരു വർഷത്തേക്കുള്ള എക്സ്ട്രാ

തിയ്യതി നൽകിയിട്ടുണ്ട്. ധൈര്യത്തോടെ മാത്രമേ അധിക സഹായം ലഭിക്കൂ. ഇത് ചെയ്യാൻ സാധിക്കില്ലേ? ഇത് ചെയ്ത് കാണിക്കൂ, അപ്പോൾ ബാബ തിയ്യതി നിശ്ചയിക്കാം. (അങ്ങയുടെ നിർദ്ദേശപ്രകാരം ഈ 2004 ൽ ആഘോഷിക്കാം) അതിനർത്ഥം ഇപ്പോഴും പൂർണ്ണമായും തയ്യാറെടുപ്പ് നടത്തിയിട്ടില്ല എന്നാണോ? അങ്ങനെയെങ്കിൽ അഡ്വാൻസ് പാർട്ടിയിലുള്ളവർക്കും ഒരു വർഷം വരെ പ്രതീക്ഷിക്കേണ്ടി വരുമല്ലോ. ഇപ്പോൾ മുതൽ ലക്ഷ്യം വെക്കൂ – ചെയ്യുക തന്നെ വേണം. അപ്പോൾ വളരെ കാലത്തിന്റേത് ചേർക്കപ്പെടുന്നു. വളരെ കാലത്തെ കണക്കുണ്ടല്ലോ. അന്തിമ സമയത്ത് മാത്രം ചെയ്യുകയാണെങ്കിൽ വളരെ കാലത്തെ കണക്ക് ശേഖരിക്കപ്പെടുകയില്ല. അതിനാൽ ഇപ്പോൾ മുതൽക്കേ അറ്റൻഷൻ പ്ലീസ്... ശരി.

ഇപ്പോൾ ആത്മീയ ഡ്രിൽ ഓർമ്മയുണ്ടോ? ഒരു സെക്കന്റിൽ തന്റെ പൂർവ്വജന്റെ സ്ഥിതിയിലേക്ക് വരൂ, പരംധാമ നിവാസിയായ ബാബയോടൊപ്പം ലൈറ്റ് ഹൗസായി വിശ്വത്തിലേക്ക് മുഴുവനും പ്രകാശം നൽകുവാൻ സാധിക്കുമോ? അപ്പോൾ ഒരു സെക്കന്റിൽ നാനാവശത്തുമുള്ള ദേശവിദേശത്തിലുള്ളവർ ആരെല്ലാമാണോ കേൾക്കുന്നവർ, കാണുന്നവർ ലൈറ്റ് ഹൗസായി വിശ്വത്തിലെ നാനാഭാഗത്തേക്കും സർവ്വാത്മാക്കൾക്കും പ്രകാശ കിരണങ്ങൾ നൽകൂ, സകാശ് നൽകൂ, ശക്തികൾ നൽകൂ. ശരി.

നാനാഭാഗത്തുമുള്ള വിശ്വത്തിലെ പൂർവ്വജരും പൂജ്യരുമായ ആത്മാക്കൾക്ക്, സദാ ദാതാവായി സർവ്വർക്കും ആശീർവ്വാദങ്ങൾ നൽകുന്ന, മഹാദാനി ആത്മാക്കൾക്ക്, സദാ ദൃഢതയിലൂടെ സ്വപരിവർത്തനത്തിലൂടെ സർവ്വരെയും പരിവർത്തനപ്പെടുത്തുന്ന വിശ്വപരിവർത്തകരായ ആത്മാക്കൾക്ക്, സദാ ലൈറ്റ് ഹൗസായി സർവ്വാത്മാക്കൾക്കും പ്രകാശം നൽകുന്ന സമീപ ആത്മാക്കൾക്ക്, ബാപ്ദാദയുടെ സ്നേഹസ്മരണകളും ഹൃദയത്തിൽ നിന്നുമുള്ള ആശീർവ്വാദങ്ങൾ സഹിതം നമസ്തെ.

ദാദിജിയോടും ദാദി ജാനകിജിയോടും – നല്ലത്, രണ്ട് ദാദിമാരും വളരെ നല്ല രീതിയിൽ പാലന നൽകികൊണ്ടിരിക്കുന്നുണ്ട്. നല്ല രീതിയിൽ പാലന ലഭിക്കുന്നുണ്ടല്ലോ. വളരെ നല്ലത്. സേവനത്തിന് നിമിത്തമല്ലേ ! താങ്കൾ എല്ലാവർക്കും ദാദിമാരെക്കണ്ട് സന്തോഷിക്കുന്നില്ലേ. സന്തോഷം തോന്നുന്നില്ലേ. ഉത്തരവാദിത്വത്തിന്റെ സുഖവും ലഭിക്കുന്നുണ്ടല്ലോ. എല്ലാവരുടെയും ആശീർവ്വാദങ്ങൾ എത്രയാണ് ലഭിക്കുന്നത്. എല്ലാവരും സന്തോഷിക്കുന്നു, (രണ്ട് ദാദിമാരും ബാപ്ദാദയെ ആലിംഗനം ചെയ്തു) എങ്ങനെയാണോ ഈ ദൃശ്യം കണ്ട് സന്തോഷിക്കുന്നത്, അതുപോലെ ഇവർക്ക് സമാനമാകുന്നതിൽ എത്ര സന്തോഷമുണ്ടാകും, എന്തുകൊണ്ടെന്നാൽ ബാപ്ദാദ ഇവരുടെ എന്തെങ്കിലും വിശേഷത കണ്ടിട്ടാവുമല്ലോ ഇവരെ നിമിത്തമാക്കി മാറ്റിയത്. അതേ വിശേഷതകൾ താങ്കളെല്ലാവരിലും വരികയാണെങ്കിൽ എന്തു സംഭവിക്കും? തന്റെ രാജ്യം വന്നു ചേരുന്നു. അപ്പോൾ ബാപ്ദാദ പറഞ്ഞ തിയ്യതി സമീപത്താകുന്നു. ഓർമ്മയുണ്ടല്ലോ തിയ്യതി നിശ്ചയിക്കണം. ഓരോരുത്തരും മനസ്സിലാക്കണം, എനിക്ക് ചെയ്യണമെന്നുള്ളത്. എല്ലാവരും നിമിത്തമാവുകയാണെങ്കിൽ വിശ്വ നവ നിർമ്മാണം സംഭവിക്കുന്നു. നിമിത്ത ഭാവം ഇതാണ് ഗുണങ്ങളുടെ ഖനി. കേവലം ഓരോ സമയവും നിമിത്തഭാവം വരികയാണെങ്കിൽ മറ്റെല്ലാ ഗുണങ്ങളും സഹജമായും വന്നു ചേരും. എന്തുകൊണ്ടെന്നാൽ നിമിത്ത ഭാവത്തിൽ എന്റേത് എന്നില്ല, എന്റെ എന്ന ഭാവമാണ് ചഞ്ചലതയിലേക്ക് കൊണ്ടു വരുന്നത്. നിമിത്തമാകുന്നതിലൂടെ എന്റെ എന്നത് ഇല്ലാതാകുന്നു. നിന്റേത്(ബാബയുടേത്) എന്നാകുന്നു. സഹജയോഗിയാകുന്നു. അപ്പോൾ എല്ലാവർക്കും ദാദിമാരോട് സ്നേഹമുണ്ട്. ബാപ്ദാദയോട് സ്നേഹമുണ്ട്, അപ്പോൾ സ്നേഹത്തിന്റെ പകരമാണ് – വിശേഷതകളിൽ സമാനമാവുക. അപ്പോൾ അങ്ങനെയൊരു ലക്ഷ്യം വെക്കൂ. ആരിലാണെങ്കിലും ഏതെങ്കിലും വിശേഷതയെ കാണൂ, വിശേഷതകളെ അനുകരിക്കൂ. ആത്മാവിനെ അനുകരിക്കാൻ ശ്രമിച്ചാൽ രണ്ടും കാണപ്പെടുന്നു. വിശേഷതകളെ കാണൂ, അതിനെ അനുകരിക്കൂ. ശരി.

## വരദാനം – നിശ്ചയത്തിന്റെ അഖണ്ഡ രേഖയിലൂടെ നമ്പർവൺ ഭാഗ്യമുണ്ടാക്കുന്ന വിജയത്തിന്റെ തിലകധാരിയായി ഭവിയ്ക്കട്ടെ.

ആരാണോ നിശ്ചയബുദ്ധികളായ കുട്ടികൾ അവർ ഒരിക്കലും അങ്ങനെ ഇങ്ങനെ എന്ന വിസ്താരത്തിലേക്ക് വരില്ല. അവരുടെ നിശ്ചയത്തിന്റെ മുറിയാത്ത രേഖ അന്യാത്മാക്കൾക്കും സ്പഷ്ടമായി കാണപ്പെടുന്നു. അവരുടെ നിശ്ചയത്തിന്റെ രേഖ ഇടയ്ക്കിടെ ഖണ്ഡിക്കപ്പെടില്ല. ഇങ്ങനെയുള്ള രേഖയുള്ളവരുടെ മസ്തകത്തിൽ അതായത് സ്മൃതിയിൽ സദാ വിജയതിലകം കാണപ്പെടുന്നു. അവർ ജന്മനാ തന്നെ സേവനത്തിന്റെ ഉത്തരവാദിത്വത്തിന്റെ കിരീടധാരിയായിരിക്കും. സദാ ജ്ഞാന രത്നങ്ങളാൽ കളിക്കുന്നവരായിരിക്കും. സദാ ഓർമ്മയുടെയും സന്തോഷത്തിന്റെയും ഊഞ്ഞാലിൽ ആടിക്കൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നവരായിരിക്കും. ഇതാണ് നമ്പർവൺ ഭാഗ്യത്തിന്റെ രേഖ.

## സ്ലോഗൻ – ബുദ്ധിയാകുന്ന കമ്പ്യൂട്ടറിൽ ഫുൾസ്റ്റോപ്പിന്റെ(ബിന്ദു) ചിഹ്നമിടുക അർത്ഥം പ്രസന്നചിത്തരായിരിക്കുകയാണ്.

**അവ്യക്ത സൂചന – ഏകാന്തപ്രിയരാകൂ ഏകതയും ഏകാഗ്രതയും സ്വീകരിക്കൂ.**
ആരുടെയാണോ ബുദ്ധിയോഗമാണോ അനേക ഭാഗത്തു നിന്നും മുറിഞ്ഞിരിക്കുന്നത്, ഒന്നിന്റെ ഓർമ്മ മാത്രം പ്രിയമാകുന്നത്, അവരാണ് ഏകാന്തപ്രിയം. ഒന്നിന്റെ മാത്രം പ്രിയപ്പെട്ടതായതിനാൽ ഒന്നിന്റെ ഓർമ്മയിലിരിക്കുന്നു. പലതും പ്രിയമാകുമ്പോൾ ഒന്നിന്റെ മാത്രം ഓർമ്മ ലഭിക്കുകയില്ല. അനേക വശത്തു നിന്നും ബുദ്ധിയോഗം അകറ്റി, ഒന്നിലേക്ക് മാത്രം യോജിപ്പിക്കണം അതായത് ഒന്നല്ലാതെ മറ്റൊന്നില്ല. ഇങ്ങനെയുള്ള സ്ഥിതിയുള്ളവരാണ് ഏകാന്തപ്രിയർ.

**സൂചന** – ഇന്ന് മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗത്തിന്റെ ദിവസമാണ്. വൈകുന്നേരം 6:30 മുതൽ 7:30 വരെ എല്ലാ സഹോദരിസഹോദരന്മാരും കൂട്ടായ്മയോടെ യോഗം ചെയ്യുമ്പോൾ ഈയൊരു ശുഭസങ്കല്പം വെക്കണം, ആത്മാവായ എന്നിലൂടെയുള്ള പവിത്രതയുടെ കിരണങ്ങൾ മുഴുവൻ വിശ്വത്തെയും പാവനമാക്കുന്നു. ഞാൻ മാസ്റ്റർ പതിത പാവനിയാണ്.